പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3679 | 20/06/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയ്ഡ് ടെസ്റ്റിനുള്ള മെഷീൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | ബി) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ് 19/11/2018 ന് പ്രവർത്തനം ആരംഭിച്ച ഹെമറ്റോളജി/ ക്ലിനിക്കൽ പത്തോളജി/ ബയോ കെമിസ്ട്രി/ സിറോളജി എന്നീ വിഭാഗങ്ങളിലെ വിവിധ തരം ടെസ്റ്റുകൾ ചെയ്യുന്നതിനായിട്ടുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. തൈറോയിഡിന്റെ ടെസ്റ്റുകൾ ഇമ്മ്യൂണോ അസ്സേകെമിലൂമിനസെൻസ്, എലൈസ്സാ എന്നീ മെത്തേഡുപയോഗിച്ച് ചെയ്യാവുന്നതാണ്. ആയതിനാൽ നിവേദനം ലഭിക്കുന്നതിന് മുൻപ് തന്നെ എലൈസ്സാ മെത്തേഡ് ഉപയോഗിച്ച് ടെസ്റ്റ് ചെയ്യാവുന്ന കിറ്റുകൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് തിരുവനന്തപുരത്തു നിന്നും സപ്ലൈ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട കമ്പനി എലൈസ്സാ റീഡറിൽ പ്രോഗ്രാം ചെയ്താൽ ഉടനെ തന്നെ ടെസ്റ്റുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| സി) | പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയ്ഡ് മെഷീൻ ഉൾപ്പെടെ ആവശ്യമായ മറ്റുസൗകര്യങ്ങൾ ഏർപ്പെടുത്താമോ? | സി) | നിലവിൽ എലൈസ്സാ മെത്തേഡ് ഉപയോഗിച്ച് തൈറോയിഡ് ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ